## ന്യൂഡൽഹി സുസ്ഥിര വികസന ഉച്ചകോടി

## മാറ്റം നേരിടാൻ ബിസിനസ് സമൂഹത്തിന്റെ പിന്തുണ അനിവാര്യം: മന്ത്രി ജയന്ത് സിൻഹ

വർഗീസ് സി. തോമസ്

ന്യൂഡൽഹി · ഗാന്ധിജയന്തി ദിനത്തിൽ കോഴിക്കോട്ട് പ്രധാനമന്ത്രി നടത്തിയ പ്രഖ്യാപനത്തിലൂടെ ഇന്ത്യ അംഗീകരിച്ച പാരീസ് കാലാവസ്ഥാ മാറ്റ കരാർ പ്രാബല്യത്തിലാക്കാൻ വാണിജ്യ,വ്യവസായ സമൂഹവും സഹകരിച്ചേ മതിയാകൂ എന്ന് കേന്ദ്രമന്ത്രി ജയന്ത് സിൻഹ. ന്യൂഡൽഹിയിൽ ലോക സുസ്ഥിര വികസന ഉച്ചകോടിക്കു മുന്നോടിയായി വിവിധ മേഖലകളിലെ വിദഗ്ധരുമായുള്ള സംവാദം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സുസ്ഥിര വികസനത്തിന് മാനസിക പരിവർത്തനമാണ് ആവശ്യം.. സ്വച്ഛഭാരത് ഈ ദിശയിലെ ഒരു തുടക്കമാണ്. സർക്കാരിന്റെ രീതികളിലും പരിവർത്തനം അനിവാര്യമാണ്. ലൈസൻസ് നൽകുക, നിയന്ത്രിക്കുക, എന്ന കേവല ചുമതലയിൽ നിന്ന് സഹായങ്ങളും സൗകര്യങ്ങളും ഒരുക്കുന്ന ചുമതലയിലേക്കു സർക്കാർ മാറേണ്ടതുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു. പൊതു സ്ഥലത്തെ മലമൂത്ര വിസർജനം നിരോധിക്കുന്നതിനൊപ്പം സർക്കാർ എല്ലാവർക്കും ശൗചാലയം ഉറപ്പാക്കുന്നത് ഇതിന്റെ തുടക്കമാണ്. വ്യോമയാന രംഗത്തും കാർബൺ പുറന്തള്ളൽ കുറയ്ക്കാനുള്ള നടപടികൾക്ക് തുടക്കമിട്ടതായും വ്യോമയാന സഹമന്ത്രിയായ സിൻഹ പറഞ്ഞു. മാലിന്യ നിർമാർജനവും കാലാവസ്ഥാ മാറ്റവും ബാധ്യതകളല്ലെന്നും ബിസിനസ്–തൊഴിൽ അവസരങ്ങളാണെന്നും യുഎൻ പരിസ്ഥിതി മേധാവി എറിക് സോളിം മുഖ്യപ്രസംഗത്തിൽ പറഞ്ഞു. ഗംഗ ഉൾപ്പെടെയുള്ള നദികളുടെ ശുദ്ധീകരണം സർക്കാർ മാത്രമായി ഏറ്റെടുക്കാതെ വ്യവസായമായി കണ്ട് നടപ്പിലാക്കണം.. യുഎൻ മേധാവി അഭിപ്രായപ്പെട്ടു. ഉച്ചകോടിയുടെ സംഘാടകരായ ദി എനർജി ആൻഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് (ടെറി) ചെയർമാൻ അശോക് ചാവ ്ല, ഡയറ്കർ ജനറൽ ഡോ. അജയ് മാത്തൂർ, ടാറ്റ കെമിക്കൽസ് സിഇഒ: ആർ. മുകുന്ദൻ, ടെറി സീനിയർ ഡയറക്ടർ അന്നപൂർണ വാഞ്ചേശ്വരി തുടങ്ങിയവർ പ്രസംഗിച്ചു. ഇന്ന് വിജ്ഞാൻ ഭവനിൽ രാഷ്ട്രപതി പ്രണബ് മുഖർജി ഉച്ചകോടി ഉദ്ഘാടനം ചെയ്യും.

ഹാഷ് ടാഗ്

ന്യൂഡൽഹി · #Act4Earth എന്ന ഹാഷ്ടാഗിൽ ലോക സുസ്ഥിര വികസന ഉച്ചകോടിയുമായി ബന്ധപ്പെട്ട സന്ദേശം ലഭ്യമാണ്.

ന്യൂഡൽഹി · ഇന്ത്യയ്ക്കു പിന്നാലെ യൂറോപ്യൻ യൂണിയനും  കാലാവസ്ഥാ കരാറിൽ ഒപ്പിട്ട സാഹചര്യത്തിൽ മൊറോക്കോയിൽ  നവംബറിൽ ആരംഭിക്കുന്ന കാലാവസ്ഥാ സമ്മേളനം ചരിത്രമാകാൻ സാധ്യത തെളിയുന്നു. ലോകത്തെ 200 ൽ 62 രാജ്യങ്ങളാണ് കരാറിനെ അംഗീകരിച്ചിരിക്കുന്നത്.

ന്യൂഡൽഹി · കാലാവസ്ഥാ മാറ്റത്തെ നേരിടാൻ ഇന്ത്യയ്ക്കു വേണ്ടത് സ്മാർട്ട് ഗ്രാമങ്ങളെന്ന് സുസ്ഥിര ഉച്ചകോടിയുടെ ഭാഗമായ കാർഷിക സെമിനാറിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. ഇതിനായി ലോകബാങ്കിന്റെ സഹായം ലഭ്യമാക്കും. കാലാവസ്ഥാമാറ്റം സൃഷ്ടിക്കുന്ന തകിടം മറിച്ചിലിനെ നേരിടാൻ രാജ്യം ഒട്ടും സജ്ജമല്ല. കീടങ്ങളെ ചെറുക്കുന്ന തരത്തിലുള്ള ടിജൈകെഎം 6 പോലെയുള്ള നെല്ലിനങ്ങൾ സ്വാമിനാഥൻ ഇൻസ്റ്റിറ്റ്യൂട്ടും മറ്റും വികസിപ്പിച്ചിട്ടുണ്ട്. ഉപ്പുവെള്ളത്തിലും വളരുന്ന നെല്ലിനങ്ങളും വികസിപ്പിച്ചു. ഇത്തരം ഗവേഷണഫലങ്ങൾ മാറ്റത്തെ നേരിടാൻ  രാജ്യത്തെ സജ്ജമാക്കും. പ്രോസ്ട്രേറ്റ് കാൻസറിനെ നേരിടാൻ  പര്യാപ്തമായ മരത്തൊലി ഉത്തരേന്ത്യയിലുണ്ട്.. ജൈവവൈവിധ്യത്തിന്രെ പഎല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തിയില സംര

ജൈവവൈവിധ്യം  സംരക്ഷിക്കുന്നവരെ  പ്രോൽസാഹിപ്പിക്കാൻ ഇതിനാവശ്യമായ പിന്തുണ നൽകണം. യേസ് ബാങ്കും മറ്റും ജൈവസംരക്ഷണത്തിനും കാലാവസ്ഥാമാറ്റത്തെ നേരിടാൻ ആവശ്യമായ ലോണുകൾ നൽകും. 70 ശതമാനം കമ്പനികളുടെ നി
യന്തണത്തിലാണ് ലോകത്തെ ചരക്കുനീക്കം.  ഇത് പരിസ്ഥിതി സംരക്ഷണത്തിലെ കമ്പനിഉരത്തരവാദിത്വം വർധിപ്പിക്കുന്നു. പരിസ്ഥിതി നാശം ലോകസാമ്പത്തിക ക്രമത്തിലും മാറ്റം വരുത്തും. കർഷക ആത്മഹതത്യ ഇതിന് ഉദാഹരണം. പരിസ്ഥിതി സൗഹൃദ കൃഷിയെ ബാങ്ക് പ്രോൽസാഹിപ്പിക്കണമെന്ന് പറയാൻ ഇതാണ് കാരണം.

**Make yourself at home.**